# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 15.01.2025**

## പ്രധാനവാർത്തകൾ

1. ഇന്ത്യൻ നാവിക സേനയുടെയും, കോസ്റ്റ് ഗാർഡിൻറെയും വിശ്വാസ്യത അന്താരാഷ്ട്ര തലത്തിൽ വർദ്ധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2. വന നിയമ ഭേദഗതിയിൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാതെ മുന്നോട്ട് പോകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളെ പ്രയാസപ്പെടുത്തുന്ന ഒരു നിയമ ഭേദഗതിയും സർക്കാർ നടപ്പാക്കില്ലെന്നും മുഖ്യമന്ത്രി.

3. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ മറ്റന്നാൾ തുടക്കം. സംസ്ഥാന ബജറ്റ് ഫെബ്രുവരി ഏഴിന്.

4. നെയ്യാറ്റിൻകര സമാധി വിവാദവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ നിലവിൽ ഇടപെടാൻ ആകില്ലെന്ന് ഹൈക്കോടതി. മരണ സർട്ടിഫിക്കറ്റ് ഹാജരാക്കാനും കോടതി നിർദ്ദേശം.

5. അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് 304 റൺസിൻറെ വിജയം.

**************************************

## പ്രധാനമന്ത്രി

അന്താരാഷ്ട്ര തലത്തിൽ സുപ്രധാന നാവിക ശക്തിയായി ഇന്ത്യ മാറിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. നാവികസേനയുടെ മുൻനിര യുദ്ധക്കപ്പലുകളായ ഐഎൻഎസ് സൂറത്ത്, ഐഎൻഎസ് നീലഗിരി, ഐഎൻഎസ് വാഗ്ഷീർ അന്തർവാഹിനി എന്നിവ മുംബൈയിൽ നടന്ന ചടങ്ങിൽ രാഷ്ട്രത്തിന് സമർപ്പിക്കുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ദ്രുത പ്രതികരണ ശേഷിയുള്ള സേനയായി ഇന്ത്യൻ നാവികസേന മാറിയതായും അദ്ദേഹം പറഞ്ഞു. നിരവധി ജീവനുകൾ സംരക്ഷിക്കുന്നതിനും, ചരക്ക് ഗതാഗതത്തിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സേനയ്ക്ക് സാധിച്ചു. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യൻ നാവിക സേനയുടെയും, കോസ്റ്റ് ഗാർഡിൻറെയും വിശ്വാസ്യത ഇതിലൂടെ വർദ്ധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

***************************************

## മുഖ്യമന്ത്രി - ഇൻട്രോ

വന നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാതെ സർക്കാർ ഇതുമായി മുന്നോട്ട് പോകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വകുപ്പുകളിൽ നിക്ഷിപ്തമാകുന്ന അധികാരം ദുർവിനിയോഗം ചെയ്യപ്പെടാൻ സാദ്ധ്യതയുണ്ടെന്ന ആശങ്കയെ സർക്കാർ ഗൗരവമായാണ് കാണുന്നത്. ജനങ്ങളെ പ്രയാസപ്പെടുത്തുന്നതോ ആശങ്കയിൽ ആക്കുന്നതോ ആയ ഒരു നിയമ ഭേദഗതിയും സർക്കാരിൻറെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

RNU TVPM

************************************

## യു.ജി.സി - മുഖ്യമന്ത്രി - ഇൻട്രോ

യുജിസി അടുത്തിടെ പുറത്തിറക്കിയ കരട് ചട്ടങ്ങൾ, സർവ്വകലാശാലകളുമായി ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അവകാശങ്ങൾ പരിപൂർണമായും ഇല്ലാതാക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. കരടിലെ പല നിർദ്ദേശങ്ങളും ഫെഡറൽ തത്വങ്ങൾക്കു വിരുദ്ധവും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളുടെ ലംഘനവുമാണെന്നും അദ്ദേഹം വിമർശിച്ചു. യുജിസി കരട് ചട്ടങ്ങൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടതായും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

************************************

## കേരള നിയമസഭ ഇൻട്രോ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ മറ്റന്നാൾ തുടക്കം. ഫെബ്രുവരി 7 നാണ് സംസ്ഥാന ബജറ്റ്. ജനുവരി 17 മുതൽ മാർച്ച് 28 വരെയുള്ള കാലയളവിൽ 27 ദിവസമായിരിക്കും സഭ ചേരുകയെന്ന് സ്പീക്കർ എ.എൻ ഷംസീർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(ഹോൾഡ്)

നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയ ചർച്ചകൾ ജനുവരി 20 മുതൽ 22 വരെയും, സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ച ഫെബ്രുവരി 10 മുതൽ 12 വരെയും നടക്കും. ഫെബ്രുവരി 14 മുതൽ മാർച്ച് രണ്ട് വരെ സഭ ചേരില്ലെന്നും സ്പീക്കർ അറിയിച്ചു.

************************************

RNU TVPM

## കെ എൻ ബാലഗോപാൽ

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 211 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഗ്രാമ പഞ്ചായത്തുകൾക്ക് 150 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 കോടിയും, ജില്ലാ പഞ്ചായത്തുകൾക്ക് ഏഴു കോടിയും മുൻസിപ്പാലിറ്റികൾക്ക് 26 കോടിയും, കോർപറേഷനുകൾക്ക് 18 കോടിയും ലഭിക്കും. പുഞ്ച സബ്സിഡി വിതരണത്തിന് 28 കോടി രൂപയും ധനവകുപ്പ് അനുവദിച്ചു.

************************************

## കീർത്തി വർധൻ സിംഗ്

RNU TVPM

വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിങ് നാളെ കൊച്ചിയിലെത്തും. വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന കൊച്ചി ഡയലോഗ് 2025 അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച്, വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന **കൊച്ചി ഡയലോഗ് 2025** ൻറെ ആദ്യ പതിപ്പാണ്, നാളെയും മറ്റെന്നാളുമായി നടക്കുന്നത്. ഇന്ത്യ-GCC ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ പരിപാടിയിൽ നടക്കും.

************************************

## നെയ്യാറ്റിൻകര - സമാധി

നെയ്യാറ്റിൻകര സമാധി വിവാദവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ നിലവിൽ ഇടപെടാൻ ആകില്ലെന്നും, ഇപ്പോൾ നടക്കുന്നത് സ്വാഭാവിക നടപടിക്രമമാണെന്നും

ഹൈക്കോടതി. മരണ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇതിനെ അസ്വാഭാവിക മരണമായി മാത്രമേ കണക്കാക്കാൻ കഴിയൂ എന്നും കോടതി വ്യക്തമാക്കി. ഗോപൻ സ്വാമി എന്നറിയപ്പെടുന്ന ആറാലുംമൂട് സ്വദേശിയുടെ സമാധിസ്ഥലം പൊളിക്കുന്നതിനെതിരെ ഭാര്യ സമർപ്പിച്ച ഹർജി ഫയലിൽ സ്വീകരിക്കുകയായിരുന്നു ഹൈക്കോടതി. തിരുവനന്തപുരം ജില്ലാ കളക്ടർ, ആർ ഡി ഒ, പോലീസ്, പരാതി ഉന്നയിച്ച വ്യക്തി എന്നിവർക്ക് നോട്ടീസ് അയക്കാനും കോടതി നിർദ്ദേശിച്ചു. ഹർജി അടുത്താഴ്ച വീണ്ടും പരിഗണിക്കും.

************************************

## ബോബി ചെമ്മണ്ണൂർ

നടി ഹണിറോസിനെതിരായ ലൈംഗിക അധിക്ഷേപ കേസിൽ ജാമ്യം ലഭിച്ചിട്ടും എറണാകുളം ജില്ലാ ജയിലിൽ നിന്ന് പുറത്തിറങ്ങാൻ വിസമ്മതിച്ച ബോബി ചെമ്മണ്ണൂർ ഹൈക്കോടതിയിൽ നിരുപാധികം മാപ്പുപറഞ്ഞു. മാപ്പ് സ്വീകരിച്ച കോടതി കേസ് തീർപ്പാക്കിയതായി അറിയിച്ചു. ബോബി ചെമ്മണ്ണൂരിന്റെ പ്രവൃത്തികളെ രൂക്ഷമായി വിമർശിച്ച ഹൈക്കോടതി, ജാമ്യം റദ്ദാക്കി വീണ്ടും അറസ്റ്റ് ചെയ്യാൻ മടിക്കില്ല എന്ന് മുന്നറിയിപ്പും നൽകിയിരുന്നു.

RNU TVPM

************************************

## നവവധു- മരണം

നിറത്തിൻറെ പേരിൽ തുടർച്ചയായി അവഹേളനം നേരിട്ടതിനെ തുടർന്ന് മലപ്പുറം കൊണ്ടോട്ടി സ്വദേശിയായ നവവധു ആത്മഹത്യ ചെയ്ത സംഭവത്തിൽ കേരള വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഏഴ് മാസം മുമ്പ് വിവാഹിതയായ 19 കാരിയുടെ ആത്മഹത്യയുമായി

ബന്ധപ്പെട്ട മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ കേസ് എടുത്തത്.

**************************************

## ശബരിമല - സ്പോട്ട് ബുക്കിംഗ്

ശബരിമല ദർശനത്തിനായുള്ള സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ജനുവരി 19 വരെ പ്രവർത്തനം തുടരും. പമ്പ, നിലയ്ക്കൽ, വണ്ടിപ്പെരിയാർ, പന്തളം എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിങ്ങിന് സൗകര്യം ഉള്ളത്. വിർച്വൽ ക്യു ബുക്കിംഗും ജനുവരി 19 വരെ ഉണ്ടായിരിക്കും. ജനുവരി 17 വരെയാണ് തിരുവാഭരണം അണിഞ്ഞുള്ള ദർശനം ലഭിക്കുക. 20നാണ് നട അടയ്ക്കുക.

**************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 19ന് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും mygov ഓപ്പൺ ഫോറത്തിലോ 1800 11 7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 17 വരെ പങ്കുവയ്ക്കാവുന്നതാണ്.

**************************************

## ദേശീയ ഗെയിംസ്

ദേശീയ ഗെയിംസിനുള്ള കേരളാ ടീമിന്റെ പരിശീലന ഒരുക്കങ്ങൾക്കായി സംസ്ഥാന സർക്കാർ 4.5 കോടി രൂപ അനുവദിച്ചു. 9.9 കോടി രൂപ അനുവദിക്കാൻ ആവശ്യപ്പെട്ട് സംസ്ഥാന സ്പോർട്സ് കൗൺസിൽ സമർപ്പിച്ച

RNU TVPM

പ്രൊപ്പോസലിൻറെ ആദ്യഗഡു എന്ന നിലയ്ക്കാണ് തുക അനുവദിച്ചത്. ഉത്തരാഖണ്ഡിൽ ജനുവരി 28 മുതൽ ഫെബ്രുവരി 14 വരെയാണ് ദേശീയ ഗെയിംസ് നടക്കുന്നത്.

***********************************

## കെ.എസ്.ആർ.ടി.സി

കെ.എസ്.ആർ.ടി.സി യിലെ മുഴുവൻ ജീവനക്കാർക്കും 2024 ഡിസംബർ മാസത്തെ ശമ്പളം വിതരണം ചെയ്തു തുടങ്ങി. സർക്കാരിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 30 കോടി രൂപ കൂടി ഉപയോഗിച്ചാണ് ശമ്പളം വിതരണം ചെയ്യുന്നത്.

***********************************

## വനിതാ ക്രിക്കറ്റ്

അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പര ഏകപക്ഷീയമായി സ്വന്തമാക്കി ഇന്ത്യ. ഇന്ന് നടന്ന മൂന്നാം മത്സരത്തിൽ 304 റൺസിൻറെ വിജയമാണ് ഇന്ത്യ നേടിയത്. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിതഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 435 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ അയർലൻഡിന് 31.4 ഓവറിൽ 131 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. കഴിഞ്ഞ രണ്ട് മത്സരങ്ങളിലും ഇന്ത്യയ്ക്കായിരുന്നു ജയം.

PRIJU TVPM

***********************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻ SC - ചെന്നൈയിൻ FC യെ നേരിടും. കൊൽക്കത്തയിൽ രാത്രി 7:30 നാണ് മത്സരം.

*************************************

## കള്ളക്കടൽ പ്രതിഭാസം

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള - തമിഴ്നാട് തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

*************************************

## ജലവിതരണം മുടങ്ങും

പടിഞ്ഞാറേനട വാഴപ്പള്ളി ജംഗ്ഷന് സമീപം വാട്ടർ അതോറിറ്റി പൈപ്പ്ലൈനിലെ ചോർച്ച പരിഹരിക്കുന്നതിനായി നാളെ മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ജോലികൾ ഈ മാസം 18 ലേക്ക് മാറ്റി. ശനിയാഴ്ച രാവിലെ 8 മണി മുതൽ ജനുവരി 20 തിങ്കൾ രാവിലെ 8 മണി വരെയാണ് അറ്റകുറ്റപ്പണികൾ പുനർനിശ്ചയിച്ചിരിക്കുന്നത്.

*************************************************

*************************************

**********************

RNUTVPM